**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2674** | **09.05.2017-ൽ മറുപടിയ്ക്ക്** |
|---|---|

**ശുചിത്വ മിഷൻ പദ്ധതികൾ**

| | **ചോദ്യം** | | **മറുപടി** |
|---|---|---|---|
| | **ശ്രീ.ഒ. രാജഗോപാൽ** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) | സംസ്ഥാനത്ത് ശുചിത്വ മിഷൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ; | (എ) | ശുചിത്വകേരളം (റൂറൽ), ശുചിത്വകേരളം (അർബൻ), സ്വച്ഛ് ഭാരത് മിഷൻ (റൂറൽ), സ്വച്ഛ് ഭാരത് മിഷൻ (അർബൻ) എന്നിവയാണ് സംസ്ഥാനത്തെ പഞ്ചായത്തുകളും നഗരസഭകളും മുഖേന ശുചിത്വമിഷൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ. |
| (ബി) | ശുചിത്വ മിഷന്റെ പുതിയ പദ്ധതികളുടെ വിശദാംശം നൽകാമോ ; | (ബി) | ശുചിത്വമിഷനിൽ പുതിയ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. |
| (സി) | പ്ലാസ്റ്റിക് മാലിന്യ മുക്തമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; അതിനു വേണ്ടി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോ ? | (സി) | • വില്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ മാത്രമേ വിതരണം ചെയ്യാവൂയെന്നും ആയത് നിയന്ത്രിക്കുന്നതിനുള്ള സർക്കാർ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ.<br>• ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് ടാർ ചെയ്യുന്നതിനുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള നടപടികൾ.<br>• റീസൈക്ലിംഗ് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ.<br>• ജനങ്ങളിൽ അനുകൂല മനോഭാവം രൂപീകരിക്കുന്നതിന് ശുചിത്വമിഷൻ മുഖേനയുള്ള വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ.<br>• പ്ലാസ്റ്റിക് ഉത്പന്നങ്ങൾക്ക് പ്രകൃതിസൗഹൃദ ബദൽ ഉത്പന്നങ്ങളുടെ ഉത്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ.<br>• പൊതുചടങ്ങുകളിൽ, സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക്കടക്കമുള്ള ഡിസ്പോസബിൾ വസ്തുക്കളുടെ ഉപയോഗം ഒഴിവാക്കി പുനരുപയോഗിക്കുവാൻ കഴിയുന്ന വസ്തുക്കൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള "ഗ്രീൻ പ്രോട്ടോക്കോൾ" പ്രവർത്തനങ്ങൾ.<br>മറ്റു പുതിയ പദ്ധതികളൊന്നും തന്നെ ഇപ്പോൾ ആസൂത്രണം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ